# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3585 20.10.2016-ൽ മറുപടിക്ക്

**ചാത്തന്നൂർ മണ്ണയം പാലം പുനർനിർമ്മാണം**

| ചോദ്യം<br>**ശ്രീ. ജി.എസ്.ജയലാൽ** | മറുപടി<br>**ശ്രീ. ജി. സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
|---|---|
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ശീമാട്ടി ജംഗ്ഷൻ - ആറയിൽ പി.ഡബ്ല്യു.ഡി റോഡിൽ തോട്ടുമുഴി തോടിന് കുറുകെയുള്ള ജീർണാവസ്ഥയിലായ "മണ്ണയംപാലം" പുനർനിർമ്മിക്കണമെന്ന ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് നടപടികളെന്തെങ്കിലും സ്വീകരിച്ചിരുന്നുവോ; വിശദമാക്കുമോ; | (ബി) പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് 125 ലക്ഷം രൂപയ്ക്ക് പാലം പുനർനിർമ്മിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചുവെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) പ്രസ്തുത പാലം പുതുക്കി നിർമ്മിക്കുന്നതിന് അടിയന്തര പരിഗണന നൽകുമോ; ഇതിനകം നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കുമോ? | (സി) പ്രസ്തുതപാലം പുതുക്കി പണിയുന്നതിനുള്ള ഭരണാനുമതിയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ